LIBRARY ARCHIVES Kerala Legislative Assembly

കടൽ മണ്ണ് സംസ്കരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള നടപടി

155 [1389] ശ്രീ. പി. ജെ. ജോയി:
ശ്രീമതി സാവിത്രി ലക്ഷ്മണൻ:
ശ്രീ. കെ. ബാബു:
,, വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റുമണലിന്റെ അഭാവവും വിലക്കയറ്റവും നിർമ്മാണ രംഗത്തെ തളർത്തിയിട്ടുണ്ടോ;

(ബി) ഇതിന് എന്ത് പരിഹാരം കാണാനുദ്ദേശിക്കുന്നു.

(സി) കടൽമണ്ണ് സംസ്ക്കരിച്ച് നിർമ്മാണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ഡി) ആറ്റുമണലിന് ഒരു സബ്സ്റ്റിറ്റ്യൂട്ട് കണ്ടെത്തുവാൻ എന്തെങ്കിലും ഗവേഷണം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള ഏർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേശീയപാതാ വിഭാഗത്തിൽ റോഡ് പണിക്ക് ആറ്റുമണലിന് പകരം പാറപൊടിച്ച മണൽ ഉപയോഗിക്കുന്നു.

(സി) പരിഗണിച്ചിട്ടില്ല.

(ഡി) തിരുവല്ല ആസ്ഥാനമായുള്ള പോബ്സ് ഗ്രൂപ്പ് തിരുവനന്തപുരം ജില്ലയിൽ ചെറിയകൊണ്ണി എന്ന സ്ഥലത്ത് നിർമ്മിച്ചെടുക്കുന്ന മണൽ (മാനുഫാക്ചേർഡ് സാൻഡ്) ഉണ്ടാക്കുന്നതിനുള്ള ഒരു പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

സർക്കാർ എയ്ഡഡ് മേഖലയിൽ അടച്ചുപൂട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

156 [1398] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ, എയ്ഡഡ് മേഖലയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടി;